# വചന വിചിന്തനം : ഏപ്രിൽ 19 ഞായർ, 2009

**യോഹ. 20 : 19–29**

''.......അവന്റെ ആണിപ്പഴുതുകളുള്ള കരങ്ങളിൽ തൊടാതെ അവന്റെ പാർശ്വത്തിൽ കൈകൾവച്ചല്ലാതെ ഞാൻ വിശ്വസിക്കില്ല.................''

ഒരു സാധാരണ മനുഷ്യന്റെ ജീവിതത്തിന് പുതിയ ദിശാബോധം നല്കുന്ന ഒരു ഉയിർപ്പനുഭവത്തിന്റെ ദൃശ്യമാണ് ഈ വചനഭാഗം.

സ്നേഹിച്ചതിന്റെ പേരിൽ കുരിശു ചുമക്കേണ്ടി വന്നവർ, മറ്റുള്ളവരുടെ രക്ഷയ്ക്കുവേണ്ടി മരണസമാനമായ അനുഭവങ്ങളിലൂടെ കടന്നു പോകേണ്ടി വന്നവർ... ആന്തരിക മുറിവുകളുടെ ആണിപ്പഴുതുള്ള ഹൃദയം കൊണ്ടുനടക്കുന്നവർ... അവരുടെയൊക്കെ ഇരുൾ നിറയുന്ന മനസ്സിലേക്കാണ് ഒരു നിലാവുപോലെ ഈശോ പ്രത്യക്ഷനാവുക.

തോമസ് എന്നും മാറി നടക്കാൻ മനസ്സുകാണിച്ച ശിഷ്യനാണ്... ബഥാനിയായിലേക്കു പോകുമ്പോൾ ഈശോയെ കാത്തിരിക്കുന്നത് കല്ലേറും മരണവുമാണെന്ന് അറിഞ്ഞ് പിൻവലിയുന്ന ശിഷ്യരോട്, ''എങ്കിൽ നമുക്കും അവനോടൊപ്പം മരിക്കാം'' എന്ന ആശങ്കയില്ലാതെ പ്രഖ്യാപിക്കുന്നവൻ... ഒരു പക്ഷെ ഈശോയുടെ ഹൃദയ വിചാരങ്ങളെ ഏറ്റവും അടുത്തറിഞ്ഞവൻ. അതുകൊണ്ടുതന്നെ അവന്റെ ക്രിസ്താനുഭവവും വേറിട്ടതാണ്.

ഉയിർപ്പിക്കപ്പെട്ട ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് പ്രത്യക്ഷനാകുമ്പോൾ അസാന്നിദ്ധ്യം കൊണ്ടാണ് തോമസ് ശ്രദ്ധേയനാകുന്നത്. പിന്നീട് ഈ അനുഭവം പങ്കുവയ്ക്കുന്നവരുടെ മുമ്പിൽ തോമസ് പിടിവാശിക്കാരനാവുകയാണ്. അവൻ പറയുന്നത് എനിക്ക് ക്രിസ്തുവിനെ കാണണം എന്നല്ല.. മുറിവേറ്റ ക്രിസ്തുവിനെ കാണണം എന്നാണ്. ഗുരുവിന്റെ തിരുമുറിപ്പാടുകളുള്ള കരത്തോട് ഹൃദയത്തോട്, മനസ്സു ചേർത്തു വയ്ക്കാൻ ആഗ്രഹിച്ചവൻ.. കാരണം അവനറിയാം യഥാർത്ഥ ക്രിസ്തു മുറിവേറ്റ തമ്പുരാനാണെന്ന്. സ്നേഹത്തിനുവേണ്ടി ഏറ്റെടുത്ത മുറിപ്പാടുകൾ മരിച്ചാലും അവനിൽ അവശേഷിക്കുമെന്ന്..

ഈശോ വീണ്ടും പ്രത്യക്ഷനാകുന്നത് ഈ തോമസിനുവേണ്ടിയല്ല... ആഴമായ മുറിവനുഭവങ്ങളിലൂടെ, ദുഃഖങ്ങളിലൂടെ കടന്നു പോകുന്ന എല്ലാവർക്കും വേണ്ടിയാണ്... മുറിപ്പാടുകളിൽ, മരണത്തിൽ, തിരസ്ക്കരണത്തിലൊക്കെ കടന്നു പോകുന്നവർ ക്രിസ്തുവിന്റെ മുദ്ര പേറുന്നവരാണ് എന്നോർമ്മിക്കാൻ.

നിന്റെ മുറിവുകളുള്ള ജീവിതത്തെ അവന്റെ പിളർക്കപ്പെട്ട നെഞ്ചോടു ചേർത്തുവയ്ക്കുമ്പോൾ നിനക്കും ഒരു ഉയിർപ്പുണ്ടാകുമെന്ന്,

എല്ലാ വേദനകളിൽ നിന്നും വിമോചനം നേടി സന്തോഷത്തിന്റെ ഒരു പുതിയ ജീവിതം ഉണ്ടാകും എന്നോർക്കാൻ.

സ്നേഹത്തിന്റെ അവശേഷിപ്പുകളാണ് മുറിപ്പാടുകളുണങ്ങാത്ത ജീവിതമെന്നും അങ്ങനെയുള്ളവർ മരിച്ചാലും, തലമുറകൾ കഴിഞ്ഞാലും അവർ ഏറ്റെടുത്ത മുറിപ്പാടുകൾ വഴി അവർ ഓർമ്മിക്കപ്പെടുമെന്നും മനസ്സിലാക്കാം.....

**ഫാ. അലക്സ് വേലാച്ചേരി.**